ങ്ങ് അലവൻസ്'' കൊടുത്തു സഹായിയ്ക്കുവാൻ ബഹുമാനപ്പെട്ട ഗവമ്മെൻറ് വിചാരിയ്ക്കുന്നുണ്ടോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ഇല്ലാ.

മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത സമുദായത്തിൻറെ ഉന്നമനത്തിനുവേണ്ടി വേലചെയ്യുന്നവക്ക് ഗവമ്മെൻറിൻനിന്നും എന്തെങ്കിലും സഹായം ചെയ്തുകൊടുത്തില്ലെങ്കിൽ മേലാൽ അധഃകൃത സമുദായത്തിനുവേണ്ടി വേലചെയ്യുവാൻ ആരെങ്കിലും ശ്രമിയ്ക്കുമോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—അതിനെപറ്റി എന്തൊക്കെയാണ് ചെയ്യേണ്ടതെന്നു് അനേഷിച്ചു റിപ്പോർട്ട് ചെയ്യുവാൻ ഏഴുതി അയച്ചിട്ടു് വേണ്ടപോലെ ചെയ്യാവുന്നതാണ്. ഇപ്പോൾ ഒന്നും പറയുവാൻ തരമില്ല.

Colony Officers.

535. മിസ്റ്റർ കെ. പി. വള്ളോൻ.—കോളനി ഉദ്യോഗസ്ഥന്മാർക്കുള്ള മുഖ്യ ജോലികൾ എന്തൊക്കെയാണ്; അവർക്ക് എന്തു കോളിഫിക്കേഷൻ ഉണ്ടായിരിയ്ക്കണം; മാനേജരുദ്യോഗസ്ഥനു് എന്തൊക്കെ ചെയ്യാൻ അധികാരമുണ്ടു്?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—കോളനിയുടേയും നിവാസികളുടേയും ക്ഷേമത്തെ ഉദ്ദേശിച്ചു് അധഃകൃത സംരക്ഷകൻ അപ്പോഴപ്പോൾ ഏല്പിയ്ക്കുന്ന ജോലികൾ നിർവ്വഹിയ്ക്കുക. അവരുടെ കോളിഫിക്കേഷനെ കുറിച്ചു് പ്രത്യേക വ്യവസ്ഥ ചെയ്തിട്ടില്ല. ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷൻറെ കല്പനപ്രകാരം മാനേജർ പ്രവർത്തിയ്ക്കുന്നതല്ലാതെ മാനേജക്കു് സ്വയാധികാരമില്ലാ.

Concessions, etc., granted to Depressed Classes.

536. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കു് അനുവദിച്ചിട്ടുള്ള സഹായധനങ്ങൾ ഇതുവരേയും കൊടുത്തു കാണാത്തതിൻറെ കാരണമെന്തെന്നു് ദയവായി പറയാമോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—സഹായധനം കിട്ടിയില്ലെന്നുള്ള ആവലാതി ഗവമ്മെൻറിൻറെ ദൃഷ്ടിയിൽ പെട്ടാൽ അതിനെപറ്റി അനേഷിയ്ക്കുന്നതാണ്.

537. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾ അധികവും പഠിയ്ക്കുന്ന സ്കൂളിലെ ഉച്ചഭക്ഷണം ഉണ്ടാക്കികൊടുക്കൽ മുതലായ ജോലികൾ അപേക്ഷകന്മാരായ അധഃകൃതന്മാർക്കു് കൊടുക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ഉച്ചഭക്ഷണം കൊടുത്തുവരുന്ന സ്കൂളുകളിൽ അധഃകൃതരിൽനിന്നുള്ള അപേക്ഷകളെ കുറിച്ചു് പ്രത്യേകം തെരുനിയ്ക്കുന്നതാണ

LIBRARY ARCHIVES Kerala Legislative Assembly